കേരളത്തിന്റെ കടൽത്തീരത്ത് കടൽഭിത്തി നിർമ്മിക്കുന്നതിന് ലഭ്യമായ കേന്ദ്ര പദ്ധതികൾ

93 [T1923] *ശ്രീ. ഉമേഷ് ചള്ളിയിൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ കടൽതീരത്ത് പൂർണ്ണമായും കടൽഭിത്തി നിർമ്മിക്കുന്നതിന് ലഭ്യമായ കേന്ദ്ര പദ്ധതികൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് കടൽത്തീര സംരക്ഷണത്തിന് എന്തു തുക കേന്ദ്രത്തിൽ നിന്നും ലഭിച്ചിട്ടുണ്ട്;

(സി) ഇക്കാര്യത്തിനുവേണ്ടി സംസ്ഥാന സർക്കാർ കേന്ദ്രത്തിനു സമർപ്പിച്ചിട്ടുള്ള പദ്ധതി നിർദ്ദേശങ്ങൾ എന്തൊക്കെയാണ്?

ഉത്തരം

(എ) & (ബി) കടൽഭിത്തി നിർമ്മിക്കുന്നതിന് 11-ാം ധനകാര്യ കമ്മീഷൻ 2000-2005 കാലയളവിലേക്കായി 50 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ 12-ാം ധനകാര്യ കമ്മീഷൻ 2005-2010 കാലയളവിലേക്കായി കടൽഭിത്തി നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി 175 കോടി രൂപ അനുവദിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തികൾ ഏറ്റെടുക്കാവുന്നതാണ്.

(സി) കേന്ദ്ര പദ്ധതിയായ നാഷണൽ കോസ്റ്റൽ പ്രൊട്ടക്ഷൻ പ്രോജക്ടിൽ ഉൾപ്പെടുത്താനായി 52 കി. മീ. പുതിയ കടൽഭിത്തി നിർമ്മാണത്തിനും 60 കി. മീ കടൽഭിത്തി പുനരുദ്ധാരണത്തിനുമായി 216 കോടി രൂപയ്ക്കുള്ള ഒരു പ്രൊപ്പോസൽ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്. ഇതിന് നാളിതുവരെ അംഗീകാരം ലഭിച്ചിട്ടില്ല.

വാട്ടർ അതോറിറ്റിയിൽ സർവെയർ ഗ്രേഡ്-2 തസ്തിക

94 [1924] *ശ്രീ. വി. ജെ. പൗലോസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയിൽ സർവെയർ ഗ്രേഡ്-2 തസ്തികയിൽ നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും എത്രപേർക്ക് നിയമന ശുപാർശ നൽകി;

(ബി) ഈ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചപ്പോൾ എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിരുന്നത്;

(സി) ഇതിലും കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് നിയമന ശുപാർശ നൽകിയിട്ടുണ്ടോ;

(ഡി) ഈ ലിസ്റ്റിൽ നിന്നുള്ള നിയമനവും കാത്ത് കഴിയുന്ന പ്രായപരിധി കഴിഞ്ഞ ഉദ്യോഗാർത്ഥികൾക്ക് നിയമനം കിട്ടത്തക്കവിധം ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly